സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിശ്വാസികൾക്ക് വേണ്ട യാത്രസൗകര്യം ഇടവക അധികൃതർ ഏർപ്പാട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

പരിശുദ്ധ അമ്മ നൽകുന്ന കരുതലിന്റെയും സ്നേഹത്തിന്റെയും ആർദ്രതയുടെയും തണലിൽ നിന്നുകൊണ്ട് അളവറ്റ സന്തോഷത്തോടെയും ജാഗ്രതയോടെയും എല്ലാവരോടും സുവിശേഷം പ്രസംഗിക്കുവാൻ നമുക്ക് ഇറങ്ങിത്തിരിക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹാശംസകളോടെ,

**† തോമസ് ജെ. നെറ്റോ**
തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത

**NB**: ഈ ഇടയലേഖനം **2024 ഒക്ടോബർ മാസം 13**-ാം തീയതി ദിവ്യബലിമധ്യേ വായിക്കേതാണ്.

*Jeeva Jyothi Offset Press, Tvm. Ph:0471-2311620*

# LATIN ARCHDIOCESE OF TRIVANDRUM

No. 004/2024/PL Dated: 03.10.2024

## ഇടയലേഖനം

## മിഷൻ ഞായർ 2024

"പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ" (മത്താ. 22:9)

ദൈവത്തിനു സ്തുതി!

ദൈവജനത്തിന് സമാധാനം!

ക്രിസ്തുവിൽ എത്രയും സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

സഭയുടെ പ്രേഷിതയാത്രയിൽ ഒരു സുപ്രധാന ദിവസമാണല്ലോ മിഷൻ ഞായർ. സഭ എന്തിനുവേണ്ടി നിലനിൽക്കുന്നുവെന്ന് ലോകത്തോട് പ്രഘോഷിക്കുവാനും സഭയുടെ ദൗത്യത്തിൽ വിശ്വാസസമൂഹത്തെ പങ്കുകാരാക്കുവാനും സഭ മിഷൻ ഞായർ ആഘോഷിച്ചുവരുന്നു. യേശുക്രിസ്തുവിനെയും അവിടുന്ന് മനുഷ്യകുലത്തിന് ദാനമായി നൽകിയ സുവിശേഷമൂല്യങ്ങളെയും ലോകസമക്ഷം അറിയിക്കുന്നതാണ് സഭയുടെ പ്രേഷിത ദൗത്യം. സഭ ഈ ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്നതു തന്നെ അതിനായിട്ടാണ്. സഭ തന്നെ പ്രേഷിതയായി ത്തീരുമ്പോൾ വിശ്വാസ സമൂഹം സഭാദൗത്യത്തിൽ പങ്കാളികളായിത്തീരുക എന്നത് സഭാമക്കളെ സംബന്ധിച്ചിട ത്തോളം അനിവാര്യമാണ്. വിവിധങ്ങളായ കാരണങ്ങളാൽ തികച്ചും സങ്കീർണ്ണമായ ആധുനിക കാലഘട്ടത്തിലൂടെയാണ് സഭ അതിന്റെ ജൈത്രയാത്ര തുടരുന്നത്. ഈ അവസരത്തിൽ സഭയുടെ സുവിശേഷ പ്രഘോഷണം എപ്രകാരമായിരിക്കണമെന്ന് ഈ മിഷൻ ഞായർ ആഘോഷവേളയിൽ നമുക്ക് ചിന്തിക്കാം.

ഇതിനായി, മിഷൻ ഞായറുമായി ബന്ധപ്പെട്ട് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശമാണ് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നത്.

ഈ വർഷത്തെ ആഗോള മിഷൻ ഞായറിന്റെ വിഷയമായി ഫ്രാൻസിസ് പാപ്പാ തിരഞ്ഞെടുത്തിരിക്കുന്നത് മത്തായി എഴുതിയ വിശുദ്ധ സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22: 1-14). ഈ ഉപമയിൽ സുവിശേഷകൻ സ്വർഗ്ഗരാജ്യത്തെ രാജാവ് തന്റെ മകന്റെ വിവാഹത്തിനൊരുക്കിയ വിരുന്നുമായി താരതമ്യപ്പെടുത്തുന്നു. വിരുന്നിനായി പ്രത്യേകം ക്ഷണിക്കപ്പെട്ടവർ സമയമായിട്ടും എത്തുന്നില്ല. തല്സമയം രാജാവ് തന്റെ സേവകരോടു പറഞ്ഞു: "അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹത്തിനു ക്ഷണിക്കുവിൻ" (22:9). രാജാവ് സേവകർക്ക് നൽകിയ ഈ നിർദ്ദേശത്തിൽ സുവിശേഷ പ്രഘോഷണത്തെ സംബന്ധിച്ച മൂന്നു പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് ലഭിക്കുന്നു.

### 1. "ക്ഷണിക്കുവാൻ പുറപ്പെടുവിൻ" (Go and Invite)

രാജാവ് സേവകർക്ക് നൽകുന്ന ഈ കല്പനയിൽ രണ്ട് കർമ്മ പദ്ധതികൾ അടങ്ങിയിരിക്കുന്നു: 'പുറപ്പെടുക', 'ക്ഷണിക്കുക'. 'പുറപ്പെടുക' അഥവ 'പോകുക' എന്ന പ്രവൃത്തിയിൽ ജനമദ്ധ്യത്തിലേയ്ക്ക് യേശുവിന്റെ സുവിശേഷവുമായി നാം ഇറങ്ങിത്തിരിക്കേണ്ടതിന്റെ ആവശ്യകതയാണ് അടങ്ങിയിരിക്കുന്നത്. എല്ലാജനങ്ങളുടെയും മദ്ധ്യത്തിലേയ്ക്ക് സുവിശേഷവുമായി ഇറങ്ങിച്ചെല്ലുന്നതാണ് പ്രേഷിതദൗത്യം.

നല്ലിടയനായ യേശുവും തന്റെ ജീവിതത്തിലുടനീളം ഇതുതന്നെയാണ് ചെയ്തത്. എല്ലാവരുടെയും ഇടയിലേയ്ക്ക് ദൈവരാജ്യത്തിന്റെ സന്ദേശവുമായി ഇറങ്ങിച്ചെന്നു. യേശു തന്റെ പരസ്യജീവിതത്തിലും ഉയിർപ്പിന് ശേഷവും "പോകുവിൻ" എന്ന ദൗത്യമാണ് ശിഷ്യർക്ക് നൽകിയത്. ഇന്ന് സഭ നിർവ്വഹിക്കുന്ന ഏകദൗത്യവും "ലോകത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലുക" എന്നതു തന്നെയാണ്. സഭയുടെ ഈ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകുന്ന ഏവരെയും ഈ അവസരത്തിൽ നമുക്ക് നന്ദിയോടെ ഓർക്കാം. ഒപ്പം, ധാരാളം പ്രേഷിതരെ സഭയ്ക്ക് ലഭിക്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യാം.



പതിനൊന്ന് സ്ഥാപനങ്ങളും ഇരുപത് സന്യാസ ഭവനങ്ങളും തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. 1,30,000/- (ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ) നൽകിയ ജൂബിലി ഹോസ്പിറ്റലും, 1,10,000/- (ഒരു ലക്ഷത്തി പതിനായിരം രൂപ) നൽകിയ സി.സി.ആർ ജനറലേറ്റും, 1,05,000/- (ഒരു ലക്ഷത്തി അയ്യായിരം രൂപ) നൽകിയ ലൂർദ്ദുപുരം സെന്റ് ഹെലൻസ് എച്ച്.എസ്.എസ്-ഉം, 1,00,000/- (ഒരു ലക്ഷം രൂപ) നൽകിയ കാർമ്മൽ കോൺവെന്റുമാണ് മുൻ നിരയിൽ നിൽക്കുന്നത്.

നിശ്ചയദാർഢ്യത്തോടെയുള്ള സമർപ്പിത പ്രവർത്തനത്തിന്റെ ഫലമായാണ് ഇത്രയും വലിയൊരു തുക നമുക്ക് സമാഹരിക്കുവാനായത്. ഇപ്രകാരമുള്ള സഹകരണം ഈ വർഷവും നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസവും പ്രതീക്ഷയും.

### ഉപസംഹാരം

കാനായിലെ കല്ല്യാണവിരുന്നിൽ (യോഹ 2: 1-12) യേശുവിന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിക്കാൻ ഇടയാക്കിയ പരിശുദ്ധ അമ്മയിലേയ്ക്ക് നമ്മുടെ കണ്ണുകളുയർത്താൻ ഫ്രാൻസിസ് പാപ്പാ നമ്മെ ക്ഷണിക്കുന്നു. പരമ്പരാഗതമായി കുടുംബങ്ങളിൽ ജപമാല പ്രാർത്ഥിച്ചു കൊണ്ടാണല്ലോ നാം പരിശുദ്ധ അമ്മയിലേയ്ക്ക് കണ്ണുകൾ ഉയർത്തുന്നത്. പ്രത്യേകിച്ച് ഈ ഒക്ടോബർ മാസത്തിൽ ജപമാല പ്രാർത്ഥനയ്ക്ക് ഏറെ പ്രാധാന്യം നാം നൽകുന്നു. ഈ കാലഘട്ടത്തിൽ നമ്മുടെ സുവിശേഷ പ്രഘോഷണം വിജയപ്രദമാക്കാൻ മാതാവിന്റെ സഹായം നമുക്കപേക്ഷിക്കാം. ഈ വർഷവും ജപമാല മാസാചരണത്തിന്റെ ഭാഗമായി എല്ലാവരുടെയും സഹകരണത്തോടെ ലീജിയൺ ഓഫ് മേരിയുടെ ആഭിമുഖ്യത്തിൽ ഭക്തിനിർഭരമായ ജപമാലറാലിയും അതേ തുടർന്നുള്ള ദിവ്യബലിയും നടത്തപ്പെടുന്നുണ്ട്. ഈ മാസം 27-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് സൗത്ത് തുമ്പയിൽ നിന്നും വെട്ടുകാട് നിന്നും ആരംഭിക്കുന്ന ജപമാല റാലി വൈകുന്നേരം വേളി, വിശുദ്ധ തോമസ് അപസ്തോലൻ ദേവാലയത്തിൽ എത്തിച്ചേരുകയാണ്. ഈ റാലിയിലും തുടർന്ന് അതിരൂപതാദ്ധ്യക്ഷന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കുന്ന ദിവ്യബലിയിലും എല്ലാവരും ഭക്തിപൂർവ്വം

പാപ്പ നൽകിയ സന്ദേശത്തോട് ചേർത്ത് നാളിതുവരെ നമ്മുടെ അതിരൂപതയ്ക്കായി നിങ്ങളേവരും നൽകികൊണ്ടിരിക്കുന്ന സഹകരണങ്ങൾക്കും സഹായങ്ങൾക്കും നന്ദിപറയുവാൻ കൂടി ഞാൻ ആഗ്രഹിക്കുന്നു. 2023 മിഷൻ ഞായർ നാം സമുചിതമായി ആഘോഷിക്കുകയുണ്ടായി. തല്ഫലമായി വിലപ്പെട്ട ഒരു സംഭാവനയാണ് നമ്മൾ സ്വരൂപിച്ചത്. ഇടവകകൾ, സന്യസ്ത സമൂഹങ്ങൾ, സഭാ സ്ഥാപനങ്ങൾ തുടങ്ങിയവ സജീവമായി തന്നെ സംഭാവന നൽകുന്നതിൽ പങ്കെടുക്കുകയുണ്ടായി. കഴിഞ്ഞ വർഷം നാം സമാഹരിച്ച ആകെ തുക 1,35,78,795/- (ഒരു കോടി മുപ്പത്തഞ്ച് ലക്ഷം എഴുപത്തെണ്ണായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയഞ്ച്) രൂപയാണ്. കൂടുതൽ തുക നൽകിയ ആദ്യ പത്ത് ഇടവകകളും ആളോഹരി ക്രമത്തിൽ കൂടുതൽ തുക നൽകിയ ആദ്യപത്ത് ഇടവകകൾ താഴെപ്പറയുന്നവയാണ്:

| മൊത്തത്തിൽ കൂടുതൽ സംഭാവന നൽകിയ ഇടവകകൾ | | ആളോഹരി ക്രമത്തിൽ കൂടുതൽ തുക നൽകിയ ഇടവകകൾ | |
|---|---|---|---|
| 1. പുത്തൻതോപ്പ് | 10,10,602.00 | 1. സി.ആർ.പി.എഫ്. ക്യാമ്പ്, അമ്മ ത്രേസ്യ | 440.00 |
| 2. പാളയം | 10,00,000.00 | 2. പുത്തൻതോപ്പ് | 310.76 |
| 3. വെട്ടുകാട് | 6,01,630.00 | 3. ശ്രീകാര്യം | 270.99 |
| 4. പുല്ലുവിള | 5,60,000.00 | 4. മംഗലപുരം | 270.00 |
| 5. പുതിയതുറ | 5,36,055.00 | 5. പോത്തൻകോട് | 245.19 |
| 6. വിഴിഞ്ഞം | 5,10,650.00 | 6. മണക്കാട് | 244.87 |
| 7. പൂന്തുറ | 4,84,710.00 | 7. പോങ്ങുംമൂട് | 227.92 |
| 8. വലിയതുറ-സെന്റ് ആന്റണീസ് | 4,41,300.00 | 8. പുഷ്പഗിരി | 227.91 |
| 9. കണ്ണാന്തുറ | 4,40,723.00 | 9. കൊച്ചുതുറ (പുതുക്കുറിച്ചി) | 210.78 |
| 10. മരിയനാട് | 3,81,150.00 | 10. പാളയം | 186.15 |



പ്രേഷിത ദൗത്യവുമായി മുന്നേറുന്ന സഭയ്ക്കൊപ്പം സഭയിലെ ഓരോ അംഗവും ഈ ദൗത്യത്തിൽ പങ്കുചേരേണ്ടതുണ്ട്. നാം ഇപ്പോൾ ആയിരിക്കുന്ന സ്വസ്തതയുടെ അവസ്ഥയിൽ നിന്ന് എഴുന്നേറ്റ് ജനം വസിക്കുന്ന നാൽക്കവലകളിലേയ്ക്ക് പുറപ്പെടുക എന്നതാണ് നമ്മുടെ പ്രേഷിതദൗത്യം. ഇപ്രകാരമൊരു പുറപ്പാടിലൂടെ മാത്രമേ നാം സ്വീകരിച്ച യേശുവിനെ ലോകത്തിന് നൽകുവാൻ കഴിയൂ. അടച്ചിട്ട മുറിയിൽ നിന്നും നാം പുറത്തു വരുമ്പോഴാണ് യേശുവും നമ്മോടൊപ്പം ജനമദ്ധ്യത്തിലേയ്ക്ക് വരുന്നത്. ആദിമക്രൈസ്തവ സഭയിലുണ്ടായ ചൈതന്യം നമ്മുടെ ഇന്നത്തെ പുറപ്പെടലിനും ഉണ്ടായിരിക്കണം. അപ്രകാരം പ്രേഷിത ദൗത്യത്തിന് ഒരു പുതിയ മുന്നേറ്റം ഈ വർഷത്തെ മിഷൻ ഞായറിലൂടെ സംജാതമാക്കാൻ നമുക്ക് കഴിയും.

ഉപമയിലെ രാജാവിന്റെ കല്പനയിൽ "പോകുവിൻ" അഥവാ "പുറപ്പെടുക" എന്ന പ്രവൃത്തിയോട് തുല്യപ്രാധാന്യമുള്ള "ക്ഷണിക്കുക" എന്ന മറ്റൊരു പ്രവൃത്തികൂടി നിർദ്ദേശിക്കപ്പെടുന്നതായി നമുക്കു കാണാം. രാജാവ് തന്റെ സേവകരെയെല്ലാം വിരുന്നിന് ക്ഷണിക്കാൻ ജനങ്ങളുടെ ഇടയിലേയ്ക്ക് അയച്ചു. സേവകർ രാജാവിന്റെ ക്ഷണം ജനങ്ങളിലേയ്ക്ക് കൈമാറിയത് സന്തോഷത്തോടും ദയാവായ്പ്പോടും കൂടിയായിരുന്നു. ഇപ്രകാരമൊരു ശൈലിയാണ് ഇന്നും പ്രേഷിത ദൗത്യത്തിനായി നാം അവലംബിക്കേണ്ടത്. പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറഞ്ഞ് സന്തോഷത്തോടും മഹാമനസ്ക്കതയോടും ഉദാരതയോടുംകൂടെയാവണം ക്രിസ്തുവിലേയ്ക്ക് സർവ്വരേയും നാം ക്ഷണിക്കേണ്ടത്. ഒപ്പം, ഉത്ഥിതനായ യേശുവിനെ ജനസമക്ഷം നാം നൽകേണ്ടത് തികഞ്ഞ ഹൃദയശുദ്ധിയോടും ആർദ്രതയോടും കൂടിയായിരിക്കണം.

### 2. "വിവാഹാഘോഷത്തിലേക്ക്" (To the Marriage Feast)

ഉപമയിൽ രാജാവ് സേവകർക്ക് നൽകുന്ന കല്പനയിൽ ഫ്രാൻസിസ് പാപ്പാ അടർത്തിയെടുക്കുന്ന രണ്ടാമത്തെ ആശയം 'വിവാഹാഘോഷത്തിലേക്ക്' എന്നതാണ്. അതായത്, സേവകർ പുറപ്പെടുന്നതും ജനങ്ങളെ ക്ഷണിക്കുന്നതും വിവാഹാഘോഷത്തിലേക്കാണ്. വിവാഹാഘോഷത്തിൽ നൽകപ്പെടുന്ന വിരുന്ന് യുഗാന്ത്യത്തിൽ വിശ്വാസികൾ ആഘോഷിക്കാനിരിക്കുന്ന വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവം ഒരുക്കുന്ന

ആത്യന്തികമായ രക്ഷയാണ് യുഗാന്ത്യത്തിലെ വിരുന്ന്. ക്രിസ്തുവിന്റെ ആദ്യവരവോടുകൂടിത്തന്നെ യുഗാന്ത്യത്തിലെ വിരുന്നിന്റെ മുന്നാസ്വാധനം സാധ്യമായി. അവിടുത്തെ രണ്ടാം വരവോടുകൂടെ യുഗാന്ത്യവിരുന്ന് പൂർത്തിയാക്കപ്പെടും. ക്രിസ്തുവിന്റെ പ്രഥമ ആഗമനത്തിന്റെയും രണ്ടാം വരവിന്റെയും ഇടയിലുള്ളതാണ് സഭയുടെ പ്രേഷിതകാലം. അതിനാൽ, ക്രിസ്തുവിന്റെ രണ്ടാം വരവിനു മുമ്പായി "സുവിശേഷം സർവ്വജനങ്ങളോടും പ്രസംഗിക്കപ്പെടണം" (മർക്കോ. 13:10). ഇതാണ് സഭയുടെ ദൗത്യം.

ആദിമ ക്രൈസ്തവരുടെ പ്രേഷിതചൈതന്യത്തിന് നിദാനമായിത്തീർന്നത് ക്രിസ്തുവിന്റെ രണ്ടാം വരവ് ഉടനെ ഉണ്ടാകും എന്ന ചിന്തയായിരുന്നു. ആകയാൽ, അടിയന്തിര സ്വഭാവത്തോടെ അവർ സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെട്ടു. കർത്താവിന്റെ രണ്ടാം വരവ് ഏറെ അടുത്തെത്തിയിരിക്കുന്നുവെന്ന സന്തോഷ ത്തോടെ സുവിശേഷവത്ക്കരണ പ്രവൃത്തിയിൽ നമുക്കും പങ്കുകാരാകാം. അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്ന വരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ വൈവിദ്ധ്യങ്ങളായ ഭൗതിക "വിരുന്നുകൾ" ഒരുക്കുന്നുണ്ട്. എന്നാൽ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്കാണ് ക്ഷണിക്കുന്നത്.

യുഗാന്ത്യത്തിൽ കർത്താവ് ഒരുക്കുന്ന വിരുന്നിന്റെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്. ബനഡിക്റ്റ് പതിനാറാമൻ പാപ്പാ ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: "ഓരോ ദിവ്യബലിയും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ്. ദിവ്യകാരുണ്യവിരുന്ന് അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർത്ഥമായ ഒരു മുന്നാസ്വാദനമാണ്. പുതിയ നിയമത്തിൽ അത് "കുഞ്ഞാടിന്റെ വിവാഹവിരുന്ന്" (വെളി. 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു. അത് 'വിശുദ്ധരുടെ ഐക്യത്തിന്റെ സന്തോഷത്തിലാണ്' ആഘോഷിക്കപ്പെടുന്നത്" (Sacramentum Caritas, 31). ആകയാൽ, ദിവ്യബലിയിലെ നമ്മുടെ പങ്കാളിത്തം എല്ലാ അർത്ഥത്തിലും സജീവമാകേണ്ടതാണ്.



### 3. "എല്ലാവരോടും" (Everyone)

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത വിരുന്നിന്റെ ഉപമയിൽ രാജാവ് സേവകർക്ക് നൽകുന്ന കല്പനയിലെ "എല്ലാവരോടും" എന്ന വാക്കാണ്. "എല്ലാവരോടും" സുവിശേഷം പ്രഘോഷിക്കുക എന്നതാണ് പ്രേഷിതപ്രവർത്തനത്തിന്റെ ഹൃദയഭാഗം. എല്ലാവരേയും തന്റെ ഹൃദയത്തിലേക്ക് ആകർഷിക്കുവാനാണ് യേശു ആഗ്രഹിക്കുന്നത്. ആരും തന്നെ ദൈവസ്നേഹത്തിന്റെ വലയത്തിൽ നിന്ന് ഒഴിവാക്കപ്പെടാൻ പാടില്ല. അതായത്, ലോകത്തിന്റെ എല്ലാ കോണുകളിലും ജീവിച്ചിരിക്കുന്നവരിലേയ്ക്ക് സുവിശേഷം എത്തണം. വിശുദ്ധ പൗലോസ് അപ്പോസ്തോലൻ പറയുന്നതുപോലെ "എല്ലാവരും രക്ഷപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് ദൈവം ആഗ്രഹിക്കുന്നത്" (1 തിമോ. 2:4).

രാജാവ് മകന്റെ വിവാഹത്തിന് ഒരുക്കിയ വിരുന്നിൽ എല്ലാവരേയും തുല്യരായാണ് കണക്കാക്കുന്നത്. പ്രത്യേകിച്ച്, സാമ്പത്തികമായും സാമൂഹികമായും പാർശ്വവത്ക്കരിക്കപ്പെട്ട, "ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയവരെയെല്ലാം" (22:10) സേവകർ വിരുന്നു ശാലയിൽ വിളിച്ചുകൂട്ടുന്നു. ചുരുക്കത്തിൽ, സമൂഹത്തിലെ താഴ്ന്ന വിഭാഗത്തിൽപ്പെട്ടവർ രാജാവിന്റെ വിശേഷ അതിഥികളായി മാറി. കാരണം തന്റെ പുത്രനുവേണ്ടി രാജാവായ ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കും ലഭ്യമാണ്. നമ്മോട് ഓരോരുത്തരോടുമുള്ള ദൈവത്തിന്റെ കരുതൽ അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3: 16). സൗജന്യമായി ലഭിക്കുന്ന ഈ ദൈവീക ദാനത്തോട് ഒരാൾ 'അതെ' എന്നു മാത്രം പ്രത്യുത്തരിച്ചാൽ മതി അയാൾ രക്ഷയുടെ അനുഭവത്തിലേയ്ക്ക് പ്രവേശിക്കും.

ആയതിനാൽ, എല്ലാവർക്കും വേണ്ടിയുള്ള പ്രേഷിതദൗത്യം ഇന്നിന്റെ ആവശ്യകതയാണ്. പ്രേഷിതദൗത്യത്തിലെ ഈ ഹൃദയഭാഗത്തോട് അതായത്, എല്ലാവരോടും സുവിശേഷം അറിയിക്കുക എന്ന പ്രവർത്തനത്തോട്, നമുക്ക് പ്രതിജ്ഞാ ബദ്ധരാകാം.